**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6319** **10-07-2024 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതിക്കായി ഓരോ പഞ്ചായത്തിലും എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്നും നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതിയും വിശദമാക്കാമോ; | (എ) | നാദാപുരം നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ ഭരണാനുമതി തുകയും പുരോഗതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പൈപ്പ് ഇടാൻ ഗ്രാമീണ റോഡുകൾ കുഴിക്കുകയും പൂർവസ്ഥിതിയിലാക്കാൻ കാലതാമസം എടുക്കുന്നതു മൂലം റോഡുകൾ തകരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | എങ്കിൽ ഇത് പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ കീഴിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി മുറിച്ച മരുതോങ്കര, കാവിലുംപാറ, എടച്ചേരി എന്നീ പഞ്ചായത്തിലെ പഞ്ചായത്ത് റോഡുകളും, പൊതുമരാമത്ത് റോഡുകളും കരാറുകാരൻ തന്നെ പൂർവ്വസ്ഥിതിയിലാക്കുന്ന രീതിയിലാണ് പ്രവൃത്തികൾക്ക് കരാർ നല്കിയിരിക്കുന്നത്. അതുപ്രകാരം പൈപ്പ് ലൈൻ സ്ഥാപിക്കാനായി മുറിച്ച റോഡുകൾ അടിയന്തിരമായി പൂർവ്വസ്ഥിതിയിലാക്കാനായി കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ജൽ ജീവൻ പദ്ധതി നടപ്പിലാക്കി വന്നിരുന്ന തൂണേരി, വളയം, വാണിമേൽ, നാദാപുരം, നരിപ്പറ്റ, കായക്കൊടി പഞ്ചായത്തുകളിലെ പഞ്ചായത്ത് റോഡുകൾ റീസ്റ്റോറേഷൻ ചെയ്യാനുള്ള തുക ഭരണാനുമതി തുകയിൽ ഉൾപ്പെട്ടിട്ടില്ലായിരുന്നു. എന്നാൽ മേല്പറഞ്ഞ പഞ്ചായത്തിലെ റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികൾക്ക് 26/10/2023-ൽ പുതിയ ഭരണാനുമതി നൽകുകയുണ്ടായി. അതുപ്രകാരം പ്രവൃത്തികൾ ടെണ്ടർ ചെയ്തെങ്കിലും ആദ്യ ടെണ്ടറിൽ ഓഫർ കിട്ടിയിരുന്നില്ല. വീണ്ടും ടെണ്ടർ ചെയ്തപ്പോൾ തൂണേരി, വളയം, വാണിമേൽ, നാദാപുരം പഞ്ചായത്തുകൾക്ക് ഓഫർ |

| | | | |
|---|---|---|---|
| | | | ലഭിക്കുകയുണ്ടായി. വാണിമേൽ പഞ്ചായത്തിലെ റോഡ് റീസ്റ്റോറേഷൻ പ്രവൃത്തിയ്ക്ക് പ്രവൃത്തി ഉത്തരവ് നല്കിയിട്ടുണ്ട്. തൂണേരി, വളയം, നാദാപുരം പഞ്ചായത്തുകളിലെ പ്രവൃത്തികൾക്ക് പ്രവൃത്തി ഉത്തരവ് നല്കാനുള്ള നടപടികൾ നടന്നുവരുന്നു. കായക്കൊടി, നരിപ്പറ്റ പഞ്ചായത്തുകളിലെ പഞ്ചായത്ത് റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികൾ പല തവണ ടെണ്ടർ ചെയ്തെങ്കിലും ഓഫർ ലഭിച്ചിട്ടില്ല.<br><br>ആദ്യ ഘട്ടത്തിൽ ചെയ്ത പ്രവൃത്തിയുടെ ഭാഗമായി കുഴിച്ച പൊതുമരാമത്ത് റോഡുകൾ റീസ്റ്റോറേഷൻ ചെയ്യാനുള്ള തുക പൊതുമരാമത്ത് വകുപ്പിന് അടച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **പഞ്ചായത്ത്** | **ഭരണാനുമതി തുക (ലക്ഷം)** | **നടന്നു വരുന്ന പ്രവൃത്തി** | **പുരോഗതി (%)** |
|---|---|---|---|
| ചെക്കിയാട് | 5483.60 | ചെക്യാട് പഞ്ചായത്തിൽ വിതരണശൃംഖല സ്ഥാപിക്കലും ഗാർഹികകുടിവെള്ളകണക്ഷൻ നൽകലും അനുബന്ധപ്രവൃത്തികളും | 60% പൂർത്തീകരിച്ചു |
| എടച്ചേരി | 5185.81 | വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. ശുദ്ധീകരണശാല, പ്രധാന പൈപ്പ് ലൈൻ എന്നിവയുടെ പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്. | 20% പ്രവൃത്തി പൂർത്തീകരിച്ചു. |
| കാവിലുംപാറ | 5373.20 | വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. പ്രധാന പൈപ്പ് ലൈനുകളുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തു. | 20% പ്രവൃത്തി പൂർത്തീകരിച്ചു. |
| കായക്കൊടി | 1889.68 | കണക്ഷൻ നല്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. | 70% പൂർത്തീകരിച്ചു |
| മരുതോങ്കര | 4776.80 | വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. പ്രധാന പൈപ്പ് ലൈനുകളുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തു. | 25% പ്രവൃത്തി പൂർത്തീകരിച്ചു. |
| നാദാപുരം | 4141.20 | വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. | 60% പ്രവൃത്തി പൂർത്തീകരിച്ചു. |
| നരിപ്പറ്റ | 4122.64 | പ്രവൃത്തികൾ നടന്നു വരുന്നു. | 75% പൂർത്തീകരിച്ചു |
| തൂണേരി | 3102.41 | വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. | 60% പ്രവൃത്തി പൂർത്തീകരിച്ചു. |
| വളയം | 2522.30 | വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. | 75% പ്രവൃത്തി പൂർത്തീകരിച്ചു |
| വാണിമേൽ | 2921.45 | വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. | 75% പ്രവൃത്തി പൂർത്തീകരിച്ചു |
| **ആകെ** | **39519.09** | | |